# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2680 — 06/12/2018 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്വയംഭരണാവകാശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ., വി.എസ്.ശിവകുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം. വിൻസെന്റ് | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിയമം വഴി സ്ഥാപിതമായ ദേവസ്വം ബോർഡുകൾക്ക് സ്വയംഭരണാവകാശം കല്പിച്ച നൽകിയിട്ടുണ്ടോ; | (എ) | ദേവസ്വം ബോർഡുകൾ സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണ്. |
| (ബി) | ഭക്തന്മാരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവർക്ക് സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ട തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കികൊണ്ട് ശബരിമല ക്ഷേത്രത്തിന്റെ പൂർണ്ണ നിയന്ത്രണം സർക്കാരും പോലീസും ഏറ്റെടുത്തതായ ആക്ഷേപം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്; | (ബി) | ശബരിമല ക്ഷേത്രത്തിന്റെ പൂർണ്ണ നിയന്ത്രണം സർക്കാരോ പോലീസോ ഏറ്റെടുത്തിട്ടില്ല.സന്നിധാനത്തെത്തുന്ന ഭക്തർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനുള്ള നടപടികൾ മാത്രമാണ് സർക്കാർ സ്വീകരി ച്ചിട്ടുള്ളത്. |
| (സി) | ഭക്തരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കേണ്ട ബോർഡ് സർക്കാരിന്റെ നിലപാടുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | ദേവസ്വം ബോർഡ് ഭക്തരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ